(ബി) ഇതിൽ മുസ്‌ലീം സ്ത്രീകൾ എത്ര ;

(സി) സ്ത്രീധനത്തിന്റെ പേരിൽ മുസ്‌ലീം സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) സ്ത്രീധനത്തിന്റെ പേരിൽ നടന്ന കൊലപാതകങ്ങളും ആത്മഹത്യകളും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചു ?

ഉത്തരം

(എ) 42 സ്ത്രീകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) അഞ്ച്.

(സി) ഇല്ല.

(ഡി) 43.

(ഇ) ആരെയും ഇതുവരെ ശിക്ഷിച്ചിട്ടില്ല.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്തു നടന്നിട്ടുള്ള ബലാൽസംഗങ്ങൾ

390. [499] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം സംസ്ഥാനത്ത് ബലാൽസംഗങ്ങൾ നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) അതിലെ പ്രതികളുടെ മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 22 ബലാൽസംഗങ്ങൾ നടന്നിട്ടുണ്ട്.

(ബി, സി) 1. തിരുവനന്തപുരം ജില്ലയിൽ നടന്ന 5 ബലാൽസംഗങ്ങളിൽ 5 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

2. ആലപ്പുഴ ജില്ലയിൽ നടന്ന 3 ബലാൽസംഗങ്ങളിൽ പ്രതികളെ അറസ്റ്റു ചെയ്ത് റിമാൻഡിൽ വച്ചിട്ടുണ്ട്.

3. ഇടുക്കി ജില്ലയിൽ നടന്ന 2 ബലാൽസംഗങ്ങളിൽ പ്രതികളെ അറസ്റ്റു ചെയ്ത് കേസ് ചാർജ് ചെയ്തിട്ടുണ്ട്.

4. എറണാകുളം ജില്ലയിൽ നടന്ന 2 ബലാൽസംഗങ്ങളിൽ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

5. തൃശൂർ ജില്ലയിൽ നടന്ന മൂന്നു ബലാൽസംഗ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണത്തിലാണ്.

6. പാലക്കാട് ജില്ലയിൽ നടന്ന ഒരു ബലാൽസംഗത്തിലെ പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

7. കോഴിക്കോട് ജില്ലയിൽ നടന്ന 4 ബലാൽസംഗങ്ങളിൽ പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. കണ്ണൂർ ജില്ലയിൽ നടന്ന ഒരു ബലാൽസംഗകേസിലെ പ്രതികളെ അറസ്റ്റുചെയ്തു റിമാൻഡിൽ വച്ചിട്ടുണ്ട്.

മറ്റു ജില്ലകളിൽ ഈ കാലയളവിൽ ബലാൽസംഗങ്ങൾ നടന്നതായി റിപ്പോർട്ട് ഇല്ല.

ശ്രീ. പ്രതാപവർമ്മ തമ്പാനെ കുത്തി പരിക്കേല്പിച്ച സംഭവം

391. [500] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി കോംപസ്സിൽ വച്ച് കെ. എസ്. യു. നേതാവ് ശ്രീ. പ്രതാപവർമ്മ തമ്പാനെ കുത്തി പരിക്കേല്പിച്ചതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഈ സംഭവുമായി ബന്ധപ്പെട്ട എത്ര പേരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട് ;

(സി) ഇതിനകം എത്ര പേരെ അറസ്റ്റ് ചെയ്തു; ഇതുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവരുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നു പേരുടെ

(സി) ഒരാളെ അറസ്റ്റു ചെയ്തു. ഇനി രണ്ടു പേരെ അറസ്റ്റു ചെയ്യാനുണ്ട്.

സി. ആർ. പി. എഫിന്റെ സേവനം

392. [501] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാന പാലനത്തിന് സി. ആർ. പി. എഫിന്റെ സേവനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം ;

(സി) അതിനുവേണ്ടി ചെലവഴിച്ച തുക എത്ര ?

ഉത്തരം

(എ) ഉണ്ട്,

(ബി) സി. ആർ. പി. എഫിനെ തുടർച്ചയായി സംസ്ഥാനത്ത് സേവനത്തിന് നിയോഗിക്കാറുള്ളതുകൊണ്ട് കൃത്യമായി എത്ര പ്രാവശ്യം നിയോഗിച്ചു എന്നു പറയാവുന്നതല്ല.

(സി) 87,36,897.04 രൂപ.

LIBRARY ARCHIVES Kerala Legislative Assembly